ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിന് ലഭിക്കുന്ന നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

1. ലോക വിനോദസഞ്ചാര കൗൺസിലിന്റെ അംഗങ്ങളായ വിവിധ എയർലൈൻസ്, ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവയിലൂടെ കേരളത്തെ ഒരു മാതൃകാസംസ്ഥാനമാക്കി ഉയർത്തിക്കാട്ടുകയും നമ്മുടെ ടൂറിസം ഉൽപന്നങ്ങളെ അതുവഴി വിറ്റഴിക്കാൻ സഹായിക്കുകയും ചെയ്യും.

2. കൗൺസിലിന്റെ ഗവേഷണഫലങ്ങളായ ആഗോളരാജ്യാന്തര ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് കേരളത്തിന് ഉപയോഗിക്കാൻ കഴിയും.

3. കേരളത്തിന്റെ തനതായ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ടൂറിസം സാറ്റലൈറ്റ് റിപ്പോർട്ട് രൂപപ്പെടുത്താൻ സാധിക്കും.

4. ആഗോളതലത്തിൽ വിജയപ്രദമെന്നു കണ്ടെത്തിയ നൂതന മാർഗ്ഗങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സഹായകരമാകും.

5. ടൂറിസം വികസനത്തിന് തടസം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ സഹായിക്കും.

(സി) ഏറ്റവും നൂതനമായ ടൂറിസം ഉൽപന്നങ്ങളെ അവതരിപ്പിച്ചും ഹൃദ്യമായ സേവനം നൽകിയും പൊതുമേഖലാ-സ്വകാര്യപങ്കാളിത്തം പ്രോൽസാഹിപ്പിച്ചും ശ്രദ്ധേയമായ നേട്ടങ്ങൾ ടൂറിസം രംഗത്ത് കൈവരിച്ചതിനാലാണ് ലോകവിനോദസഞ്ചാര കൗൺസിൽ കേരളത്തെ തെരഞ്ഞെടുത്ത പങ്കാളിയായി അംഗീകരിച്ചത്.

135 (154) കൊടുങ്ങല്ലൂരിലെ പള്ളിപ്പുറം കോട്ടയും മറ്റും വിനോദസഞ്ചാര കേന്ദ്രമാക്കാൻ നടപടി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ പള്ളിപ്പുറം കോട്ട, കോട്ടപ്പുറം കോട്ട, ചേരമാൻ പറമ്പ് എന്നിവ അറ്റകുറ്റപ്പണികൾ നടത്തി ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി പ്രഖ്യാപിക്കണമെന്ന് പുരാവസ്തു വകുപ്പിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ ഫണ്ടും അനുമതിയും എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പണികളുടെ ഔപചാരികമായ ഉദ്ഘാടനം എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) പ്രസ്തുത പ്രോജക്ടുകൾ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനും സാമ്പത്തികസഹായത്തിനുമായി അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും സാമ്പത്തികസഹായവും കിട്ടുന്ന മുറയ്ക്കു പദ്ധതി ആരംഭിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly